**പതിമുന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5476 — 25.10.11 ൽ മറുപടിക്ക്

## സ്വകാര്യഭൂമി ഏറ്റെടുക്കുമ്പോൾ നൽകേണ്ടുന്ന നഷ്ടപരിഹാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. എസ്.ശർമ്മ<br>ശ്രീമതി. പി.അയിഷാ പോറ്റി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യു വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ സംരംഭങ്ങൾക്ക് ഭൂമി അക്വയർ ചെയ്ത് നൽകാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ ; | (എ) | നിലവിലെ പൊന്നുംവില നിയമപ്രകാരം പൊതു ആവശ്യങ്ങൾക്കു വേണ്ടിയാണ് ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നത്. സ്വകാര്യ സംരംഭങ്ങൾക്കു വേണ്ടി ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് കേന്ദ്ര പൊന്നുംവില നിയമത്തിൽ ഭേദഗതി ആവശ്യമാണ്. |
| (ബി) | ഭൂവുടമകൾക്ക് നൽകിയ ഏറ്റവും മെച്ചപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പദ്ധതിയും എതായിരുന്നു; വിശദമാക്കാമോ ? | (ബി) | ഭൂവുടമകൾക്ക് ഏറ്റവും മെച്ചപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പദ്ധതിയും നൽകിയ പാക്കേജുകളിൽ ഒന്ന് മൂലമ്പിള്ളി പാക്കേജാണ്. 19.03.2008 ലെ സ.ഉ. 62/08/റവ നമ്പർ ഉത്തരവ് പ്രകാരമാണ് പാക്കേജ് നടപ്പിലാക്കിയത്. ഇതു പ്രകാരം 5 സെന്റ് ഭൂമി വരെ നഷ്ടപ്പെട്ടവർക്ക് 5 സെന്റും അതിൽ കൂടുതൽ നഷ്ടപ്പെട്ടവർക്ക് 6 സെന്റും ഭൂമി അനുവദിച്ചു. കൂടാതെ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം 14 മാസം വാടകയും 10,000/- രൂപ ഷിഫ്റ്റിംഗ് ചാർജ്ജും അനുവദിച്ചിരുന്നു. പുനരധിവാസ ഭൂമിയിൽ വീടുകൾ പൂർത്തിയാകുമ്പോൾ വെള്ളം, വൈദ്യുതി കണക്ഷനുകൾ എന്നിവ മുൻഗണന നൽകി അനുവദിക്കുന്നതാണ്. കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് പദ്ധതിയിൽ ജോലി നൽകുക, നഷ്ട പരിഹാര തുകയിൽ ഇൻകം ടാക്സ് ഒഴിവാക്കുക എന്നീ തീരുമാനങ്ങളിന്മേൽ അനന്തര നടപടികൾ കൈക്കൊണ്ടു വരികയാണ്. |

സെക്ഷൻ ഓഫീസർ